ജൂൺ 2025 വാല്യം 64 ലക്കം 06

# ദൈവരാജ്യം

കോതമംഗലം രൂപതാ ബുള്ളറ്റിൻ



POPE LEO XIV

നീ പത്രോസാണ്; ഈ പാറമേൽ എന്റെ സഭ ഞാൻ സ്ഥാപിക്കും.

നരകകവാടങ്ങൾ അതിനെതിരേ പ്രബലപ്പെടുകയില്ല. - മത്തായി 16 : 18



വർഷത്തിലെ എല്ലാ ദിവസവും മുടങ്ങാതെ വിശുദ്ധ കുർബാനയിൽ പങ്കെടുത്ത 700 കുട്ടികൾ
അഭിവന്ദ്യ പിതാവിനോടൊപ്പം ഒരുമിച്ചു കൂടി



കോതമംഗലം രൂപതയിൽ നിന്നും മിഷൻ പ്രദേശങ്ങളിൽ ശുശ്രൂഷ ചെയ്യുന്ന അഭിവന്ദ്യ പിതാക്കന്മാരുടെയും ബഹു. വൈദികരുടെയും ബഹു. സിസ്റ്റേഴ്സിന്റെയും സംഗമം



അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് മെയ് 5 - ന് കൂദാശ ചെയ്ത കരിമണ്ണൂർ സെന്റ് ആന്റണീസ് കപ്പേള



കോതമംഗലം രൂപതയുടെ മിഷൻ പ്രദേശമായ ഒഡീഷായിലെ ആദ്യ മിഷൻ ഭവനമായ ജീവ ഭവന്റെ വെഞ്ചിരിപ്പ് കർമ്മം മെയ് 14 - ന് അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് നിർവഹിച്ചു

# ദൈവരാജ്യം

കോതമംഗലം രൂപത ബുള്ളറ്റിൻ

ജൂൺ 2025 വാല്യം 64 ലക്കം 6





## ഉള്ളടക്കം


7 ഇടയലേഖനം
11 സർക്കുലർ : ഉത്കല മിഷൻ
14 രൂപതക്കച്ചേരി
25 ഒഡീഷ മിഷൻ
26 മൈനർ സെമിനാരി
26 വിജ്ഞാനഭവൻ
42 കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി
45 നിർമ്മല സിവിൽ സർവീസ് അക്കാദമി
45 സോഷ്യൽ സർവീസ്
48 തിരുബാലസഖ്യം
48 ചെറുപുഷ്പ മിഷൻലീഗ്
52 കെ. സി. എസ്. എൽ.
52 ഫാമിലി അപ്പോസ്റ്റലേറ്റ്
53 പ്രോ – ലൈഫ്
54 പിതൃവേദി
54 മാതൃവേദി
55 യൂദിത്ത് മിനിസ്ട്രി
55 മദ്യവിരുദ്ധസമിതി
57 ഡി. എഫ്. സി.
58 യുവദീപ്തി – K.C.Y.M.
60 ജീസസ് യൂത്ത്
62 കേരള ലേബർ മൂവ്മെന്റ്
62 നെസ്റ്റ് പ്രോഗ്രാം
63 തിരുനാൾ മംഗളങ്ങൾ
64 രൂപതാദ്ധ്യക്ഷന്റെ ഡയറി
68 Bishop’s Engagements
68 നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം
68 നിര്യാതയായി



**Patron**

MAR GEORGE MADATHIKANDATHIL
(Bishop of Kothamangalam)

**Editor**

REV. FR. JOSE KULATHOOR

**Printer & Publisher**

REV. DR. GEORGE THEKKEKARA



The Eparchial Curia, Bishop’s House, P.B. No. 6
Kothamangalam - 686 691
8281946306 bishophouseklm@gmail.com

## പള്ളിയിൽ അറിയിക്കുവാൻ


Page 7 ഇടയലേഖനം
Page 11 സർക്കുലർ – ഉത്കല മിഷൻ
Page 14 പത്രോസിന്റെ കാശുപിരിവ്
Page 15 രൂപതാദിനം
Page 19 വൈദികരുടെ വാർഷികധ്യാനം
Page 27 JESUS KIDS 2025 - 26
Page 31 ലോഗോസ് ക്വിസ് – 2025


## തിരുനാളുകൾ



**1**
വി. ജസ്റ്റിൻ



**8**
വി. മറിയം ത്രേസ്യാ



**9**
മാർ അപ്രേം



**11**
ബർണബാസ് ശ്ലീഹ



**13**
പാദുവായിലെ
വി. അന്തോണീസ്



**22**
വി. തോമസ് മൂർ
വി. ജോൺ ഫിഷർ



**24**
വി. യോഹന്നാൻ
മാംദാനയുടെ ജനനം



**27**
ഈശോയുടെ
തിരുഹൃദയ തിരുനാൾ



**28**
മാതാവിന്റെ
വിമലഹൃദയം



**28**
വി. ഇരണേവൂസ്



**29**
വി. പത്രോസ്
വി. പൗലോസ്
ശ്ലീഹന്മാർ

ദൈവകൃപയാൽ
കോതമംഗലം രൂപതയുടെ മെത്രാനായ

## മാർ ജോർജ് മഠത്തിക്കണ്ടത്തിൽ

നമ്മുടെ രൂപതയിലെ വൈദികസഹോദരന്മാർക്കും
സന്യാസിനീസന്യാസികൾക്കും
അല്മായ വിശ്വാസികൾക്കും എഴുതുന്നത്

ഈശോയിൽ സ്നേഹം നിറഞ്ഞ വൈദികരെ, സന്യാസിനീസന്യാസികളെ, സഹോദരീസഹോദരന്മാരെ, പ്രിയ കുട്ടികളെ,

മധ്യവേനൽ അവധി കഴിഞ്ഞ് നമ്മുടെ കുട്ടികൾ പുതിയ അധ്യയന വർഷത്തിലേക്ക് പ്രവേശിക്കുകയാണല്ലോ. വലിയ പ്രതീക്ഷയോടും സ്വപ്നങ്ങളോടും കൂടിയാണ് കുട്ടികളും അവരുടെ മാതാപിതാക്കളും പുതിയ സ്കൂൾ വർഷത്തെയും വിശ്വാസപരിശീലന വർഷത്തെയും കാത്തിരിക്കുന്നത്. എല്ലാ കുട്ടികൾക്കും പുതിയ വർഷത്തിൽ ദൈവാനുഗ്രഹം സമൃദ്ധമായി ലഭിക്കട്ടെ എന്ന് പ്രാർത്ഥനാപൂർവം ആശംസിക്കുന്നു. വിദ്യാഭ്യാസ കാലഘട്ടത്തിൽ ലഭിക്കുന്ന അറിവുകളും ബൗദ്ധിക വികാസവും ഒരു നല്ല പൗരനെ രൂപപ്പെടുത്താൻ ഉതകുന്നതാകണം. സഭയ്ക്കും സമൂഹത്തിനും സമുദായത്തിനും മികച്ച സംഭാവനകൾ നൽകാൻ പ്രാപ്തരായ നന്മനിറഞ്ഞ തലമുറയെ വാർത്തെടുക്കുന്നതാകട്ടെ നമ്മുടെ പൊതു വിദ്യാഭ്യാസദർശനവും വിശ്വാസപരിശീലന പദ്ധതികളും. പുതിയ അധ്യയന വർഷത്തിലേക്ക് പ്രവേശിക്കുമ്പോൾ കുട്ടികളെയും മാതാപിതാക്കളെയും അധ്യാപകരെയും സ്നേഹപൂർവം ഓർക്കുന്നു. അവരുടെ പരിശ്രമങ്ങളെ ദൈവം ഫലമണിയിക്കട്ടേയെന്ന് പ്രാർത്ഥിക്കുന്നു.

സഭ ജൂബിലി വർഷം ആചരിക്കുന്ന കാലഘട്ടമാണല്ലോ ഇത്. ഈശോയുടെ ജനനം ലോകത്തിനു മുഴുവൻ രക്ഷയും പ്രത്യാശയും നൽകിയത് പോലെ ഈശോയെ അനുഗമിക്കുന്ന നാം ഓരോരുത്തരും 'പ്രത്യാശയുടെ തീർത്ഥാടകരാകാൻ' വിളിക്കപ്പെട്ടവരാണ് എന്ന ദൗത്യബോധം ജൂബിലി വർഷത്തിൽ നമുക്ക് മറക്കാതിരിക്കാം.

കുട്ടികളുടെ പരിശീലനം ഒരു കൂട്ടായ പരിശ്രമമാണ്. ദൈവത്തോടും ദൈവികകാര്യങ്ങളോടും ചേർത്തുനിർത്തി കുട്ടികളുടെ വി

ദ്യാഭ്യാസ പദ്ധതികളെ ക്രമീകരിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. 'ദൈവഭക്തിയാണ് ജ്ഞാനത്തിന്റെ ഉറവിടം' (സുഭാ. 9:10). ദൈവത്തോട് ചേർന്ന് നിന്ന് പഠിക്കുകയും പരിശീലിക്കുകയും ചെയ്യുമ്പോൾ ജീവിതത്തിൽ ആത്യന്തിക വിജയം നേടാൻ കുട്ടികൾക്ക് സാധിക്കും. നമ്മുടെ കുട്ടികൾ ധാരാളം കഴിവുകളും സിദ്ധികളും ഉള്ളവരാണ്. വ്യത്യസ്തങ്ങളായ കഴിവുകൾ നല്ല രീതിയിൽ ഉപയോഗപ്പെടുത്താൻ അവരെ പരിശീലിപ്പിക്കുന്ന തരത്തിൽ പഠനരീതികൾ പുനർക്രമീകരിക്കേണ്ടതുണ്ടെങ്കിൽ അത് ചെയ്യണം. നന്മയും തിന്മയും വിവേചിച്ചറിയാനും ഈശോയെ ഏക രക്ഷകനായി ജീവിതത്തിൽ സ്വീകരിച്ച് ധാർമികതയിലും മാനവിക മൂല്യങ്ങളിലും അടിയുറച്ച് ജീവിക്കാനും അവർക്ക് സാധിക്കേണ്ടതുണ്ട്. ഇത്തരത്തിൽ കുട്ടികളുടെ ക്രിയാത്മകമായ വളർച്ചയ്ക്കായി സന്തോഷവും സമാധാനവും നിറഞ്ഞ അനുകൂല സാഹചര്യം കുടുംബങ്ങളിൽ ഒരുക്കി കൊടുക്കാൻ മാതാപിതാക്കൾക്ക് കടമയുണ്ട്. അതായത് സമാധാനത്തിന്റെയും സ്നേഹത്തിന്റെയും സന്ദേശം കുടുംബങ്ങളിൽ നിന്ന് ആരംഭിക്കണം. ഉത്ഥാനത്തിനുശേഷം ഈശോ ശിഷ്യൻമാർക്ക് പ്രത്യക്ഷപ്പെട്ടപ്പോഴെല്ലാം ആദ്യം പറഞ്ഞത് 'നിങ്ങൾക്ക് സമാധാനം' (യോഹ. 20:19) എന്നാണ്. പരിശുദ്ധ ലെയോ പതിനാലാമൻ മാർപാപ്പ തിരഞ്ഞെടുക്കപ്പെട്ടതിനുശേഷം ആദ്യം ലോകത്തെ അഭിസംബോധന ചെയ്തപ്പോഴും ഈശോയുടെ സമാധാനം ആശംസിച്ചുകൊണ്ടാണ് അദ്ദേഹം സംസാരിച്ചു തുടങ്ങിയത്. അതായത് ലോകത്തിന് ഇന്ന് ഏറ്റവും കൂടുതൽ ആവശ്യമുള്ളതും അനിവാര്യമായതും സമാധാനവും പ്രത്യാശയുമാണ്. വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി സ്കൂളുകളിലും കോളേജുകളിലും പഠിക്കുന്ന നമ്മുടെ കുട്ടികളും സമാധാനത്തിന്റെയും പ്രത്യാശയുടെയും വക്താക്കളായിത്തീരണം.

പുതുതലമുറയെ ബാധിക്കുന്ന മോശം പ്രവണതകളെ ഗൗരവത്തോടെ കാണാനും അതിനെതിരെ ജാഗ്രത പുലർത്താനും കുട്ടികളും യുവജനങ്ങളും ശ്രദ്ധിക്കണം. ദൈവത്തിൽ പരിപൂർണ്ണമായി ആശ്രയിച്ച് വിധേയപ്പെട്ടാൽ അവിടുന്ന് നമ്മെ സംരക്ഷിക്കും. 'ദൈവത്തിന് വിധേയരാകുവിൻ; പിശാചിനെ ചെറുത്തു നിൽക്കുവിൻ; അപ്പോൾ അവൻ നിങ്ങളിൽ നിന്ന് ഓടിയകന്നു കൊള്ളും' (യാക്കോബ്

4:7). മയക്കുമരുന്നും മറ്റ് ലഹരിപദാർത്ഥങ്ങളും നാട്ടിൽ സുലഭമാകുന്നു എന്നുള്ളതും വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ഇത്തരം വസ്തുക്കളുടെ വിപണനം നടക്കുന്നു എന്നെല്ലാമുള്ള വാർത്തകൾ വലിയ ആശങ്കയോടെയാണ് നാം കാണേണ്ടത്. ലഹരി കേസുകളിൽ പിടിക്കപ്പെടുന്നവർ പോലും നമ്മുടെ സാംസ്കാരിക ബോധത്തെ വെല്ലുവിളിക്കുന്നതും ധാരാളം യുവജനങ്ങളും കൊച്ചുകുട്ടികൾ പോലും അവരിലേക്ക് ആകൃഷ്ടരാകുന്നതും അനുകരിക്കുന്നതും കാലഘട്ടത്തിന്റെ ദുഃസൂചനകളായി കണ്ട് ആവശ്യമായ മുൻകരുതലുകളെടുക്കാൻ നാം തയ്യാറാകണം. കൂടാതെ, കുട്ടികളിൽ വർദ്ധിച്ചുവരുന്ന മൊബൈൽ ഫോണിനോടുള്ള ആസക്തിക്കെതിരെ ജാഗ്രത പുലർത്തേണ്ടത് അത്യാവശ്യമാണ്. കുട്ടികൾ ഇക്കാര്യത്തിൽ ഉത്തരവാദിത്വബോധത്തോടും സാമൂഹ്യപ്രതിബദ്ധതയോടും കൂടി പെരുമാറണമെന്ന് സ്നേഹപൂർവ്വം ഓർമിപ്പിക്കുകയാണ്.

സഭ ജൂബിലി വർഷമായി ആചരിക്കുന്ന സാഹചര്യത്തിൽ ജൂബിലിയുടെ ആപ്തവാക്യമായ 'പ്രത്യാശയുടെ തീർത്ഥാടകർ' എന്നത് തന്നെയാണ് ഈ വർഷത്തെ വിശ്വാസപരിശീലന പരിപാടികൾക്കും നാം ആപ്തവാക്യമായി സ്വീകരിച്ചിരിക്കുന്നത്. അക്കാദമിക മികവുപുലർത്തി മികച്ച മാർക്ക് വാങ്ങി വിജയിക്കുന്നതിനോടൊപ്പം ജീവിതത്തിലും വിജയിക്കാൻ സാധിക്കണമെങ്കിൽ വിശ്വാസ പരിശീലനം നല്ല രീതിയിൽ നേടേണ്ടതുണ്ട്. നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിലും വിശ്വാസപരിശീലനം മികച്ച രീതിയിലാണ് മുന്നോട്ടുപോകുന്നത്. കുട്ടികളുടെ ആത്മീയ ധാർമിക ശിക്ഷണത്തിന് ആവശ്യമായ പാഠ്യപാഠ്യേതര പരിപാടികൾ എല്ലാ വർഷവും നാം ക്രമീകരിക്കാറുണ്ട്. ജൂബിലി വർഷത്തോടനുബന്ധിച്ച് ഈ വർഷം തയ്യാറാക്കിയിരിക്കുന്ന പുതിയ പദ്ധതികളുടെ വിശദവിവരങ്ങൾ രൂപത മതബോധന കേന്ദ്രം വഴി നിങ്ങളെ അറിയിക്കുന്നതാണ്. രൂപതാ തലത്തിൽ ഇടവകകൾ കേന്ദ്രീകരിച്ച് നടക്കുന്ന എല്ലാ പരിപാടികളോടും കുട്ടികളും വിശ്വാസപരിശീലകരും മാതാപിതാക്കളും സഹകരിക്കുന്ന നല്ല പാരമ്പര്യം നമുക്കുണ്ട്. അത് തുടരണമെന്ന് സ്നേഹപൂർവം ഓർമിപ്പിക്കുന്നു. കഴിഞ്ഞ വർഷങ്ങളിൽ നാം നടത്തിയ ബലിയെൻ ബലം, വചന ഡയറി, Family Catechism Hour, എന്നിവ കൂടുതൽ കാര്യക്ഷമമാക്കാൻ ബഹു. വികാരിയച്ചന്മാരും മാതാപിതാക്കളും ശ്രദ്ധിക്കുമല്ലോ.

നമ്മുടെ ഇടവകകളിൽ വിശ്വാസപരിശീലനത്തിന് നേതൃത്വം നൽകുന്ന ബഹു. വികാരിയച്ചന്മാരെ സ്നേഹപൂർവം അഭിനന്ദിക്കുന്നു. തങ്ങളുടെ സമയവും കഴിവുകളും വിശ്വാസ പരിശീലനത്തിന് വേണ്ടി സമർപ്പണ ബുദ്ധിയോടെ ഉപയോഗിക്കുന്ന എല്ലാ വിശ്വാസ പരിശീലകരെയും നന്ദിയോടെ ഓർക്കുകയും അവരുടെ കുടുംബങ്ങളെ ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. നമ്മുടെ രൂപതയിലെ സ്കൂളുകളിലും കോളേജുകളിലും അധ്യാപകരായിരുന്നവരും വിരമിച്ചവരുമായ ധാരാളം പേർ വിശ്വാസപരിശീലന രംഗത്ത് സജീവ ശുശ്രൂഷ ചെയ്യുന്നു എന്നുള്ളത് സന്തോഷകരമാണ്. അധ്യാപക രംഗത്ത് പരിചയസമ്പത്തുള്ള സ്കൂൾ കോളജ് അധ്യാപകരും യുവജനങ്ങളും വിശ്വാസപരിശീലന രംഗത്തേക്ക് ഇനിയും താൽപര്യപൂർവം കടന്നുവന്ന് സഭയുടെ ഏറ്റവും വലിയ ഈ പ്രേഷിത ദൗത്യത്തിൽ പങ്കാളികളാകണമെന്ന് ഓർമിപ്പിക്കുന്നു.

നിത്യജീവൻ ലക്ഷ്യമാക്കിയുള്ള നമ്മുടെ പ്രത്യാശയുടെ ഈ തീർത്ഥാടനം നമുക്ക് ഒരുമിച്ച് നടത്താം. തിരുസഭയുടെ ചെറുപതിപ്പായ കുടുംബങ്ങളിൽ നിന്ന് വിശ്വാസപരിശീലനം ആരംഭിക്കാം. നമ്മുടെ രൂപതയിലെ എല്ലാ കുട്ടികളെയും കർത്താവിന്റെ കരുണയ്ക്കും പരിശുദ്ധ ദൈവമാതാവിന്റെ സംരക്ഷണത്തിനും ഭരമേല്പിക്കാം.

കുടുംബങ്ങളുടെ സംരക്ഷകയും മാതാവുമായ പരിശുദ്ധ കന്യകാമറിയത്തിന്റെ വിമലഹൃദയത്തിന് നിങ്ങളേവരേയും സമർപ്പിച്ചുകൊണ്ട് പിതാവിന്റെയും ✠ പുത്രന്റെയും ✠ പരിശുദ്ധാത്മാവിന്റെയും ✠ നാമത്തിൽ ഏവരേയും ഞാൻ ഹൃദയപൂർവം ആശീർവദിക്കുന്നു.

എന്ന്,

കോതമംഗലം മെത്രാസനഭവനത്തിൽനിന്ന്

**മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ**

കോതമംഗലം രൂപതാദ്ധ്യക്ഷൻ

---

NB: 2025 ജൂൺ 1-ാം തീയതി ഞായറാഴ്ച ഈ ഇടയലേഖനം നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലിമധ്യേ വായിക്കേണ്ടതാണ്.

# സർക്കുലർ: ഉത്കല മിഷൻ

ഈശോമിശിഹായിൽ പ്രിയപ്പെട്ടവരേ,

"നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രഘോഷിക്കുവിൻ" (മർക്കോ. 16:15) എന്ന ഈശോയുടെ ആഹ്വാനം എന്നും ശിരസാവഹിച്ചിട്ടുള്ള രൂപതയാണല്ലോ നമ്മുടേത്. രൂപതാസ്ഥാപനത്തിന് ശേഷമുള്ള ആദ്യ നാളുകളിൽ ഇന്നത്തെ ഇടുക്കി രൂപത കേന്ദ്രീകരിച്ചായിരുന്നല്ലോ നമ്മുടെ സുവിശേഷ പ്രഘോഷണം. ത്യാഗത്തിന്റെയും സമർപ്പണത്തിന്റെയും സഹകരണത്തിന്റെയും നിശ്ചയദാർഢ്യത്തിന്റെയും സ്നേഹത്തിന്റെയും സുവിശേഷം നമ്മുടെ വൈദികരും സന്യസ്തരും അല്മായരും പ്രഘോഷിച്ചതിന്റെ ഫലമായിട്ടാണ് മലയോര പ്രദേശത്തിന്റെ വികസനവും പുരോഗമനവും സാധ്യമായത്. എന്നാൽ 2003 ലെ രൂപതാവിഭജനത്തിനുശേഷം അജപാലന ശുശ്രൂഷയിൽ നാം ഔൽസുക്യവും താൽപര്യവും കൃത്യമായി സൂക്ഷിച്ചിരുന്നെങ്കിലും സഭ സ്വഭാവത്താലെ പ്രേഷിതയായിരിക്കണം എന്ന സഭാദർശനത്തോട് 100% നീതിപുലർത്താൻ നമുക്ക് കഴിഞ്ഞില്ല എന്നത് യാഥാർത്ഥ്യമായിരുന്നു. ഇതിനിടയിൽ ഭാരതം മുഴുവൻ സുവിശേഷപ്രഘോഷണത്തിനുള്ള അനുവാദവും അവകാശവും ഷംഷാബാദ് രൂപതയിലൂടെ സീറോ മലബാർ സഭയ്ക്ക് ലഭിച്ചു. ആ സമയം മുതൽ ഷംഷാബാദിന്റെ അന്നത്തെ രൂപതാധ്യക്ഷൻ മാർ റാഫേൽ തട്ടിൽ പിതാവ് നമ്മെ മിഷൻ പ്രവർത്തനത്തിന് ക്ഷണിക്കുകയും സ്നേഹപൂർവം നിർബന്ധിക്കുകയും ചെയ്യുന്നുണ്ടായിരുന്നു. ഒഡീഷാ മിഷന്റെ ചാർജ് ഉണ്ടായിരുന്ന എം.എസ്.ടി സഭാംഗമായ ജോസ് ചെറിയമ്മനാട്ട് അച്ചൻ പല പ്രാവശ്യം അവിടെ ഒരു മിഷൻ ആരംഭിക്കുന്നതിനു വേണ്ടിയുള്ള പ്രാരംഭ ചർച്ചകൾ നടത്തുകയും ചെയ്തു. ഇതിനിടയിൽ നമ്മുടെ രൂപതാംഗങ്ങളായ ധാരാളം അൽമായർ ഒഡീഷ മിഷനെ സഹായിക്കുന്നുണ്ടെന്നുള്ള വിവരവും ലഭിച്ചു. തുടർന്ന് രൂപതയുടെ വിവിധ സമിതികളിൽ നടത്തിയ കൂടിയാലോചനകളുടെ ഫലമായി ഒഡീഷാ മിഷൻ ആരംഭിക്കുന്നതിന് തീരുമാനിക്കുകയും അതിനായി കൂനാനിക്കൽ ബഹു. ജോസഫ് അച്ചനും പ്ലാത്തോട്ടത്തിൽ ബഹു. മാത്യു അച്ചനും 2022 ജൂൺ മാസത്തിൽ ത്യാഗപൂർവം ഒഡീഷ

യ്ക്ക് യാത്രയാവുകയും ചെയ്തു. അവർ അവിടെ പോയി ഭാഷ പഠിക്കുകയും കോതമംഗലം രൂപത നേതൃത്വം നൽകുന്ന മിഷൻ പ്രവർത്തനത്തിനായി കൊലഹണ്ടി, നൊവാപട എന്നീ രണ്ട് ജില്ലകൾ തിരഞ്ഞെടുക്കുകയും ചെയ്തു. അച്ചന്മാരുടെ ത്യാഗപൂർണ്ണമായ അധ്വാനത്തിന്റെ ഫലമായി നമുക്ക് വില്ലേജുകൾ ലഭിക്കുകയും ആളുകൾ വിശ്വാസം സ്വീകരിക്കുകയും ചെയ്തു. 2023 ജൂൺ മാസത്തിൽ ബഹു. കൂനാനിക്കൽ അച്ചനു പകരം കച്ചിറപാറേക്കുടിയിൽ ബഹു. മാർട്ടിൻ അച്ചൻ ശുശ്രൂഷയ്ക്കായി ഒഡീഷയിൽ എത്തുകയും ചെയ്തു. തുടർന്ന് നമ്മുടെ മിഷൻ പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന് ഒരു ഭവനം നിർമ്മിക്കേണ്ടത് ആവശ്യമായി വരികയും അവർ അതിന് ഉചിതമായ സ്ഥലം അന്വേഷിക്കുകയും തൽഫലമായി 2023 നവംബർ 29-ന് ഉത്കലയിൽ നമുക്ക് അനുയോജ്യമായ ഒരു സ്ഥലം ലഭിക്കുകയും ചെയ്തു. ഇത് ഒരു വലിയ ദൈവപരിപാലനയായി നാം കരുതുന്നു. പ്രസ്തുത മിഷൻ ഭവനത്തിന്റെ അടിസ്ഥാനശില 2024 ഏപ്രിൽ 8-ാം തീയതി ഷംഷാബാദ് രൂപതയുടെ സഹായ മെത്രാൻ അഭിവന്ദ്യ ജോസഫ് കൊല്ലംപറമ്പിൽ പിതാവ് ആശീർവദിച്ചു. തുടർന്ന് ബഹു. വൈദികരുടെ നേതൃത്വത്തിൽ ത്യാഗപൂർണ്ണമായ നിർമ്മാണ പ്രവർത്തികളാണ് അവിടെ നടന്നത്. കേവലം ഒരു വർഷം കൊണ്ട് വളരെ മനോഹരമായ 'ജീവ ഭവൻ' നിർമ്മിച്ച് ആശീർവദിക്കാൻ നമുക്ക് സാധിച്ചു. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി നേതൃത്വം നൽകുകയും അക്ഷീണം പരിശ്രമിക്കുകയും ത്യാഗങ്ങൾ ഏറ്റെടുക്കുകയും ചെയ്ത കച്ചിറപ്പാറേകുടിയിൽ ബഹു. മാർട്ടിൻ, പ്ലാത്തോട്ടത്തിൽ ബഹു. മാത്യു, കണയങ്കൽ ബഹു. ജോൺ എന്നീ അച്ചന്മാരെ ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു. ഈ കാലഘട്ടത്തിൽ മിഷൻ അനുഭവത്തിനായി പോയി ഉത്കലയിൽ ആയിരുന്നുകൊണ്ട് നമ്മുടെ മിഷൻ പ്രവർത്തനങ്ങളിലും മിഷൻ ഭവനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളിലും സഹകരിച്ച നമ്മുടെ സെമിനാരിക്കാരെയും പ്രത്യേകം അഭിനന്ദിക്കുന്നു. ഷംഷാബാദ് രൂപതയുടെയും ഒഡീഷാ മിഷനിലെ മറ്റു ബഹു. വൈദിക സമർപ്പിതരുടെയും വലിയ സഹായ സഹകരണങ്ങൾ ഈ നിർമ്മാണ പ്രവർത്തനത്തിൽ നമുക്ക് ലഭിച്ചിട്ടുണ്ട്. അതുപോലെ ഈ മിഷൻ ആരംഭിച്ച് നാലുവർഷം മാത്രം പൂർത്തിയാകുമ്പോൾ ഇത്ര മനോഹരമായ ഒരു ഭവനം നിർമ്മിക്കാൻ നമു

ക്ക് സാധിച്ചത് നമ്മുടെ രൂപതയിലെ ബഹു. വൈദികരുടെയും സമർപ്പിതരുടെയും അൽമായരുടെയും അകമഴിഞ്ഞ പ്രോത്സാഹനവും സഹകരണവും സമർപ്പണവും കൊണ്ടാണ് എന്നത് സന്തോഷത്തോടെ ഓർക്കുന്നു. ഈ നാളുകളിൽ നമ്മുടെ രൂപതയിലെ എല്ലാ ഇടവകജനത്തിനും വലിയ മിഷൻ ചൈതന്യത്തിൽ വളരാനും അപ്രകാരം തങ്ങളുടെ ത്യാഗത്തിലൂടെ സമ്പാദിക്കുന്നത് മിഷനുവേണ്ടി നൽകാനും സാധിച്ചു എന്നുള്ളത് പ്രത്യേകം ഓർക്കുന്നു. ബഹു. വികാരിയച്ചന്മാർ ഇക്കാര്യങ്ങൾ ഏകോപിപ്പിക്കുകയും സമയാസമയങ്ങളിൽ മിഷന് വേണ്ട സഹായം കണ്ടറിഞ്ഞ് നൽകുകയും ചെയ്തു. പല വൈദികരും പല സമയത്തായി മിഷനിൽ സന്ദർശനം നടത്തുകയും നമ്മുടെ മിഷനറിമാരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. തുടർന്നും നമ്മുടെ ഇടവകകളിൽ നിന്ന് ധാരാളം ആളുകൾ മിഷനെ അറിയുന്നതിനും മിഷൻ പ്രദേശങ്ങളിൽ ഏതാനും നാളുകൾ ശുശ്രൂഷ ചെയ്യുന്നതിനും ആവശ്യമായ ക്രമീകരണം ചെയ്തു തരുന്നതാണ്. അപ്രകാരം നമുക്ക് ഒരു മനസ്സോടെ നമ്മുടെ ഒഡീഷ മിഷനെ സ്നേഹിക്കുകയും മിഷനെ വളർത്തുകയും ചെയ്യാം. ഈ നിർമ്മാണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ബഹു. ജനറാൾ അച്ചൻമാരുടെയും ബഹു. പ്രൊക്കുറേറ്റർ അച്ചന്റെയും ബഹു. ചാൻസിലർ അച്ചന്റെയും നേതൃത്വം ഉണ്ടായിരുന്നു. അവരെയും നന്ദിയോടെ ഓർക്കുന്നു. പ്രാർത്ഥന വഴിയും പ്രോത്സാഹനം വഴിയും സാമ്പത്തിക സഹായം വഴിയും നമ്മുടെ മിഷൻ പ്രവർത്തനങ്ങളിലും പ്രത്യേകമായി മിഷൻ ഭവന നിർമ്മാണത്തിലും സഹകരിച്ച എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവം,

കോതമംഗലം മെത്രാസനഭവനത്തിൽനിന്ന്
**മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ**
കോതമംഗലം രൂപതാദ്ധ്യക്ഷൻ

NB: 2025 ജൂൺ 15-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലിമധ്യേ വായിക്കേണ്ടതാണ്.

# രൂപതക്കച്ചേരി

## *C.49/2025* കൃതജ്ഞത

കഴിഞ്ഞ 4 വർഷക്കാലം രൂപത മൈനർ സെമിനാരി റെക്ടറായി ശുശ്രൂഷ ചെയ്ത കൊച്ചുപുരയ്ക്കൽ ബഹു. മാത്യു അച്ചനും 3 വർഷം സോഷ്യൽ സർവീസ് ഡയറക്ടറായി ശുശ്രൂഷ ചെയ്ത പൊട്ടക്കൽ ബഹു. ജോർജ് അച്ചനും 3 വർഷം ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടറായി ശുശ്രൂഷ ചെയ്ത കിഴക്കേയിൽ ബഹു. ജോസ് അച്ചനും ഒരുവർഷക്കാലം അഭിവന്ദ്യ പിതാവിന്റെ സെക്രട്ടറിയും വൈസ് ചാൻസിലറുമായി ശുശ്രൂഷ ചെയ്ത മരുതുംമലയിൽ ബഹു. ആന്റണി അച്ചനും മൈനർ സെമിനാരി വൈസ് റെക്ടറായി ശുശ്രൂഷ ചെയ്ത ബഹു. സ്കറിയ കുന്നത്ത് അച്ചനും തൊടുപുഴ ഡിവൈൻ മേഴ്സി ഷ്റൈൻ അസി. റെക്ടറായി ശുശ്രൂഷ ചെയ്ത ബഹു. വിളയപ്പിള്ളിൽ ആന്റണി അച്ചനും രൂപതയിലെ വിവിധ ഇടവകകളിൽ വികാരിമാർ, അസി. വികാരിമാർ, വിവിധ സ്ഥാപനങ്ങളിലും സംഘടനകളിലും ഡയറക്ടർമാർ, അസി. ഡയറക്ടർമാർ എന്നീ നിലകളിൽ ശുശ്രൂഷ ചെയ്ത എല്ലാ ബഹു. അച്ചൻമാർക്കും പ്രത്യേകം നന്ദി പറയുകയും പുതിയ ശുശ്രൂഷാമേഖലകളിൽ ദൈവാനുഗ്രഹം നേരുകയും ചെയ്യുന്നു.

*Bishop*

## *C.50/2025* കൃതജ്ഞത, ആശംസകൾ

കോതമംഗലം രൂപതയിലെ ഇടവകകളിൽ സ്തുത്യർഹമായി ശുശ്രൂഷ ചെയ്തശേഷം മറ്റ് ശുശ്രൂഷാമണ്ഡലങ്ങളിലേക്കു പോകുന്ന സന്യാസസഭാ വൈദികരായ ബഹു. കുര്യൻ കരിമാക്കിൽ VC, ബഹു. സ്കറിയ പുരയിടത്തിൽ OFM Cap., ബഹു. ദേവസി തയ്യിൽ OFM Cap., ബഹു. പോൾ തുമ്പനിരപ്പേൽ OFM Cap., എന്നീ വൈദികർക്ക് പ്രത്യേകം നന്ദി പറയുന്നു. തുടർന്നുള്ള ശുശ്രൂഷാമേഖലകളിൽ ദൈവാനുഗ്രഹം നേരുന്നു.

*Bishop*

## *C.51/2025* പത്രോസിന്റെ കാശുപിരിവ്

മുൻകൂട്ടി അറിയിച്ച് ജൂൺ 29-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും വി. പത്രോസിന്റെ കാശുപിരിവ് നടത്തുകയും ലഭിക്കുന്ന

തുക രൂപതാ സാമ്പത്തിക കാര്യാലയത്തിൽ ജൂലൈ 15-നു മുമ്പ് ഏല്പിക്കുകയും ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു.

*Bishop*

*C.52/2025* **രൂപതാദിനം**

ഈ വർഷത്തെ രൂപതാദിനം നമ്മുടെ രൂപതയുടെ മദ്ധ്യസ്ഥയായ പരിശുദ്ധ കന്യകാമറിയത്തിന്റെ വിമലഹൃദയത്തിരുനാൾ ദിനമായ 2025 ജൂൺ 28 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30-ന് കാളിയാർ സെന്റ് റീത്താസ് ഫൊറോന ദൈവാലയത്തിൽ വച്ച് നടത്തുന്നു. ഉച്ചകഴിഞ്ഞ് 2.30-ന് അഭിവന്ദ്യപിതാവിന്റെ കാർമ്മികത്വത്തിൽ വി. കുർബാനയോടെ ആരംഭിക്കുന്ന രൂപതാദിനാചരണത്തിൽ പരിശുദ്ധ കുർബാനയ്ക്കു ശേഷം പൊതുസമ്മേളനം ഉണ്ടായിരിക്കും. ഓരോ ഇടവകയിൽ നിന്നും കൈക്കാരന്മാർ ഉൾപ്പെടെ 5 പ്രതിനിധികൾ പങ്കെടുക്കാൻ താത്പര്യപ്പെടുന്നു. ഓരോ ഫൊറോനയിൽ നിന്നും പങ്കെടുക്കുന്നവരുടെ എണ്ണം ബഹു. ഫൊറോന വികാരിയച്ചന്മാർ 2025 ജൂൺ 22-നു മുമ്പ് ബഹു. പ്രൊക്കുറേറ്റർ അച്ചനെ അറിയിക്കേണ്ടതാണ്.

*Protosyncellus*

*C. 53 /2025* **അജപാലന സന്ദർശനം**

ജൂൺ 15 - നെയ്യശ്ശേരി
ജൂൺ 22 - കീരംപാറ
ജൂൺ 29 - ഞായപ്പിള്ളി

*Protosyncellus*

*C. 54/2025* **Monthly Recollection for Priests**

***Topic for discussion in June***

Read in common YOUCAT Nos. 246 -250

*Syncellus*

*C.55/2025* **കൈക്കാരന്മാരുടെ മീറ്റിംഗ്**

ഈ വർഷം കൈക്കാരന്മാരായി ചുമതലയേറ്റവരുടെ മീറ്റിംഗ് 2025 ജൂലൈ 19-ാം തീയതി ശനിയാഴ്ച രാവിലെ 10.00 മണി മുതൽ വൈകിട്ട് 4.00 മണിവരെ മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. എല്ലാ കൈക്കാരന്മാരെയും പ്രസ്തുത യോഗത്തിലേക്ക് പറഞ്ഞുവിടുവാൻ ബഹു. വികരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

*Chancellor*

## *C. 56/2025* TRANSFER LIST 2025

### I Parish Priests

| | | |
|---|---|---|
| 1 | Rev. Fr Athickal Joseph | Nediasala |
| 2 | Rev. Fr Arackal Jose | Alakode |
| 3 | Rev. Fr Arolichalil Sebastian | Muthalakodam |
| 4 | Rev. Fr Cheruparambil Thomas | Kaloor |
| 5 | Rev. Fr Choorathotty James | Marady |
| 6 | Rev. Fr Edathala George | Cheppukulam |
| 7 | Rev. Fr Kalapurackal Jose | Pallickamury |
| 8 | Rev. Fr Keeranpara Francis | Vazhakala |
| 9 | Rev Fr. Kizhakel Jose | Thazhuvamkunnuu |
| 10 | Rev. Fr Kochuparambil Joseph (Sr) | Karimannoor |
| 11 | Rev. Fr Kochupurackal Mathew (Sr) | Cathedral |
| 12 | Rev. Fr Kodakallil Kuriakose | Paingottoor |
| 13 | Rev. Fr Kunnel Stanislaus | Kalloorkad |
| 14 | Rev. Fr Kunnumpurath Joseph (Sr) | Kottappady |
| 15 | Rev. Fr Kurisummoottil George | Pothanikad |
| 16 | Rev. Fr Madathiparambil Francis | Mulappuram |
| 17 | Rev. Fr Maliyeckal Antony | Nadukara |
| 18 | Rev. Fr Mandapathil Varkey | Malayinchi |
| 19 | Rev. Fr Moolasseril Nicholas | Chalassery |
| 20 | Rev. Fr Mundackal John | Udumbannoor |
| 21 | Rev. Fr Mundackal Joseph (Sr) | Ambikapuram |
| 22 | Rev. Fr Mundackal Mathew (Sr) | Thrikariyoor |
| 23 | Rev. Fr Mundolickal James | Muttathupara |
| 24 | Rev. Fr Nandalath Mathews | Ayavana |
| 25 | Rev. Fr Padinjarekuttu Augustine | Nadukani |
| 26 | Rev. Fr Pannarakunnel Sebastian | Kuninji |
| 27 | Rev. Fr Parackal Abraham | Neendapara |
| 28 | Rev. Fr Parayidom Thomas J. | Nellimattam |
| 29 | Rev. Fr Pichalakattu Manuel | Muvattupuzha |
| 30 | Rev. Fr Pichappillil John | Velielchal |
| 31 | Rev. Fr Ponneth Joseph | Inchathotty |
| 32 | Rev. Fr Pothoor Jose | Thodupuzha |
| 33 | Rev. Fr Pottackal George | Vazhakulam |
| 34 | Rev. Fr Puthenkulam Mathew | Mudavoor |
| 35 | Rev. Fr Thanathuparambil George | Kalayanthani |

| | | |
|---|---|---|
| 36 | Rev. Fr Thanikunnel Alex | Thalayanad |
| 37 | Rev. Fr Thozhalay Mathew | Urulanthanny, Kallelimedu |
| 38 | Rev. Fr Thumbamattathil Sebastian | Thennathoor |
| 39 | Rev. Fr Vadakedath Joseph | Mamalakandam, Pazhampillichal, Nazarethvalley (Parisakallu) |
| 40 | Rev. Fr Vattakatt Augustine | Perumannoor |
| 41 | Rev. Fr Vengaluvakkel Thomas CMI | Cheenikuzhy |

**II. Parochial Vicars**

| | | |
|---|---|---|
| 1 | Rev. Fr Cheruvalliyil Antony | Vannappuram |
| 2 | Rev. Fr Chettoor Justin | Cathedral 1 |
| 3 | Rev. Fr Edattu Mathew | Cathedral 2 |
| 4 | Rev. Fr Kallarackal James | Nakapuzha |
| 5 | Rev. Fr Kannadan Varghese | Muvattupuzha |
| 6 | Rev. Fr Karakunnel Joseph | Muthalakodam 2 |
| 7 | Rev. Fr Kunchirakattu Joseph | Marika |
| 8 | Rev. Fr Kunnumpurathu Joseph (Jr) | Mailacombu |
| 9 | Rev. Fr Kureekattil Kurian | Vazhakulam 1 |
| 10 | Rev. Fr Madathil Joseph (Jr) | Nellimattam |
| 11 | Rev. Fr Makkolil Thomas | Anicadu |
| 12 | Rev. Fr Mammoottil George | Kalayanthani |
| 13 | Rev. Fr Manjakadambil Cyriac | Kaliyar |
| 14 | Rev. Fr Marattil Paulson | Kalloorkad |
| 15 | Rev. Fr Maruthvamalayil Antony | Arakuzha |
| 16 | Rev. Fr Matheckal George | Karimannoor |
| 17 | Rev. Fr Methippara Scaria | Muthalakodam 1 |
| 18 | Rev. Fr Moolayil Andrews | Thodupuzha 1 |
| 19 | Rev. Fr Nedumpurath Sebastian | Velielchal |
| 20 | Rev. Fr Paramel Varghese | Kadalikkad |
| 21 | Rev. Fr Peechanikunnel George | Thodupuzha 2 |
| 22 | Rev. Fr Vamattathil Johnson | Paingottoor |
| 23 | Rev. Fr Vettikuzhichalil Joseph | Nediakad |
| 24 | Rev. Fr. Vettukuzhiyil Varghese | Karakunnam |

## III. Other Offices

| | | |
|---|---|---|
| 1 | Rev. Fr Kochuparambil Joseph (Jr) | Director-KSSS & Jeeva Water |
| 2 | Rev. Fr Kochupurackal Mathew (Jr) | Director - INFARM |
| 3 | Rev. Fr Namattathil Sebastian | Rector - Minor Seminary |
| 4 | Rev. Fr Nedumpurath Sebastian | Director -Theology Course, Bible Apostolate, Ecumenism, Public Affairs Committee |
| 5 | Rev. Fr Nedumthadathil Paulose | Asst Director KSSS |
| 6 | Rev. Fr Nirappel Augustine | Secretary to the Bishop & Vice Chancellor |
| 7 | Rev. Fr Parackanal James | Vice Rector - Minor Seminary; Vocation Promoter |
| 8 | Rev. Fr Pulprayil Stanley | Rector- St Joseph Pontifical Seminary, Mangalapuzha |
| 9 | Rev. Fr Puthenkulam Antony | Director- Family Apostolate, Mathruvedi, Pithruvedi, Judith - Naomi, DFC, Singles Apostolate, Pro-Life |
| 10 | Rev. Fr Valamparackal Paul | Vice Rector - Divine Mercy Shrine Thodupuzha |
| 11 | Rev. Fr Vilayapillil Antony | Director - Prayer Group; Asst Director - NESTT & Asst Director- KCYM |

## IV. Schools & Colleges

| | | |
|---|---|---|
| 1 | Rev. Fr Choorathotty James | Teacher - Nirmala HSS Muvattupuzha |
| 2 | Rev. Fr Edathotty Paul | Principal - Nirmala HSS Muvattupuzha |
| 3 | Rev. Fr Kallarackal Thomas | Warden - VJCET Boys' Hostel, Vazhakulam |
| 4 | Rev. Fr Kapiarumalayil Joseph | Teacher - St Mary's Public School, Nakapuzha |
| 5 | Rev. Fr Kunnath Scaria | Asst Warden- VJCET Boys' Hostel |
| 6 | Rev. Fr Marappillil George | Vice Principal & Warden- Nirmala HSS, Muvattupuzha |

| | | |
|---|---|---|
| 7 | Rev. Fr Njaliparambil Antony | Vice Principal - Nirmala Public School,Muvattupuzha |
| 8 | Rev. Fr Vellamkunnel Emmanuel | Administrator, Newman College - Self Finance Courses |

**V. Higher Studies**

| | | |
|---|---|---|
| 1 | Rev. Fr Kunnath Scaria | B. Ed. |
| 2 | Rev. Fr Nedungattu George | M. Tech |

**VI. Eparchial Tribunal**

| | | |
|---|---|---|
| 1 | Rev. Fr Onelil John | Adjutant Judicial Vicar |
| 2 | Rev. Fr Kannadan Varghese | Notary |
| 3 | Rev. Fr Madathil Joseph (Jr) | Notary |
| 4 | Rev. Fr Manjakadambil Cyriac | Notary |
| 5 | Rev. Fr Maruthvamalayil Antony | Notary |
| 6 | Rev. Fr Vamattathil Johnson | Notary |

**VII. Sunday Assistance**

| | | |
|---|---|---|
| 1 | Rev. Fr Kunnath Scaria | Mundanmudy |
| 2 | Rev. Fr Njaliparambil Antony | Mamalakandam |
| 3 | Rev. Fr Vellamkunnel Emmanuel | Thodupuzha |

**VIII. Medical Leave**

| | | |
|---|---|---|
| 1 | Rev. Fr Thekkumkattil Mathew | |
| 2 | Rev. Fr Kalapurayil James | |

**IX. Retirement**

| | | |
|---|---|---|
| 1 | Rev. Fr Anikottil John | Santhinilayam, Vazhappilly |
| 2 | Rev. Fr Vararappillil James | Santhinilayam, Vazhappilly |

**X. Relieved From Offices**

| | | |
|---|---|---|
| 1 | Rev. Fr. Karimakkeel Kurian VC | Parochial Vicar, Muthalakodam |
| 2 | Rev. Fr Purayidathil Scaria OFM Cap. | Parochial Vicar, Njarakkad |
| 3 | Rev. Fr Thayyil Devassy OFM Cap. | Parochial Vicar, Velielchal |
| 4 | Rev. Fr Thumpanirappel Paul OFM Cap. | Parochial Vicar, Bethlehem |

*Bishop*

C. *57/2025* **Annual Retreat for Priests**

The list of the participants in each batch is given below. Those who seek exemption from the common retreat owing to some grave reason are to get it in writing from the Eparchial Curia. If anyone wants

a change in the batch of retreat please inform the Curia on or before 20th June.

Rev. Fathers are requested to fulfil the following Mass intentions and report to the Curia on or before the 31st of December 2025.

1. For the Priests of the Eparchy-1
2. *Ad intentionem episcopi* (stipend to be used for charitable purposes) - 4
3. *Ad intentionem episcopi* (stipend to be used to meet the expenses of the retreat) -5

N.B. The Mass intentions Nos. 1 and 2 are to be fulfilled by all while those in No. 3 are to be fulfilled only by those who take part in the common retreat.

The presbyters who participate in the retreat are to bring with them their Mass Account and Confession Patent.

All the faithful in the Eparchy have the duty to pray for the presbyters who participate in the retreat. The parish priests may remind the faithful that the Eparchial Curia is closed during the common retreat.

**FIRST BATCH**

**Venue: NESTT, Muvattupuzha**

**Time: From Sunday, 20 July to Friday, 25 July 2025**

**Retreat Preacher : Vincent Mar Paulos (Bishop of Marthandam)**

1 Akkapadickal Paul
2 Athickal Mathew
3 Avarappattu Paul
4 Chemparathy George
5 Cheruparambil Thomas
6 Cheruvalliyil Antony
7 Chettoor Justin
8 Chettoor George
9 Edathotty Paul
10 Edattu Mathews
11 Inchaplackal Paul
12 Kakkuzhy James
13 Kalapurayil James
14 Kalathoor Paul
15 Kallarackal Thomas
16 Kanimattathil Sebastian
17 Kannadan Varghese
18 Karakombil Paul
19 Karakunnel George
20 Kizhakkel Jose
21 Kochuchakalackal Georgekutty MCBS
22 Kochumundanmalayil Mathew
23 Kochuparambil Joseph (Jr)
24 Kochuputhenpurayil Joseph
25 Koithanath Joseph
26 Koonanickal Joseph
27 Kunchirakattu Joseph
28 Kunnumpuram Joseph (Jr)
29 Kurisummoottil George
30 Madathiparambil Francis
31 Mailackachalil Paul
32 Maliyeckal Antony
33 Mandapathil Varkey
34 Marattil Paulson
35 Matheckal George
36 Mattappillil John

37 Methipara Scaria
38 Moolasseril Nicholas
39 Moorkattil Jose
40 Mundackal John
41 Mundackal Mathew M
42 Mundunadayil Joseph
43 Nandalath Mathews
44 Nedumpuram Joseph
45 Nedumpurath Paul
46 Nedungattu Vincent
47 Nirappel John CMF
48 Niravathinal Abraham
49 Njaliparambil Antony
50 Panachickal James
51 Pannarakunnel Sebastian
52 Parackanal James
53 Paramel Varghese
54 Parayidom Thomas
55 Pazhayapeedikayil Johnson
56 Peechanikunnel George
57 Pichappillil John
58 Pothanamuzhi Sebastian
59 Pothoor Jose
60 Pottackal George
61 Pulickal Joseph
62 Pulickal Joseph (Jr)
63 Pulimalayil Antony
64 Pullan George
65 Pulloppillil Jose
66 Pulparambil Jose
67 Pulprayil Stanley
68 Puthenkulam Mathew
69 Puthenkulam Antony
70 Thanathuparambil George
71 Tharappil Mathew
72 Thayyil Jose
73 Thekkeattath George
74 Thekkekara George
75 Thekkumkattil Mathew
76 Thottathimyalil Mathew
77 Thozhalay Mathew
78 Thumbamattathil Sebastian
79 Vadakel George
80 Vadakken John
81 Vadakkumparambil Jacob
82 Vadekekudy James
83 Valiyathazhathu Sebastian
84 Vallomkunnel George
85 Vamattathil John
86 Vattakkatt Augustine
87 Vattappillil Jacob
88 Vettikkuzhichalil Joseph
89 Vilanguparayil Paul
90 Vilayappillil Antony

**SECOND BATCH**

**Venue: NESTT, Muvattupuzha**

**Time: From Sunday, 27 July to Friday, 1 August 2025**

**Retreat Preacher : Vincent Mar Paulos (Bishop of Marthandam)**

1 Aikaramattam James
2 Alappatt Francis
3 Arackal James
4 Arackal Jose
5 Arolichalil Sebastian
6 Athickal Joseph
7 Chatholil John
8 Chiraparambil Jose
9 Choorathotty Paul
10 Choorathotty James
11 Edathala George
12 Edattu Mathew
13 Ezhanikatt James
14 Kadavan John

15 Kadukummackal George
16 Kalapurackal Jose
17 Kallarackal James
18 Kallarackal Joseph
19 Kallidukkil Zacharias
20 Kanjirakombil Jose
21 Kannadan Francis
22 Kannampillil Kuriakose
23 Kapiarumalayil Joseph (Jr)
24 Karakunnel Joseph
25 Karikunnel Francis
26 Keeranpara Francis
27 Kochuparambil Joseph
28 Kochupurackal Mathew (Sr)
29 Kochupurackal Mathew (Jr)
30 Kodakallil Kuriakose
31 Konickal Mathew
32 Konthempillil Sebastian
33 Koonanickal Jose
34 Kottarathil Thomas
35 Kulathoor Jose
36 Kunnamkulathil Emmanuel
37 Kunnath Scaria
38 Kunnel Stanislaus
39 Kunnumpurath Joseph (Jr)
40 Kureekattil Kurian
41 Madathil Joseph (Jr)
42 Makkolil Thomas
43 Malekandathil Pius
44 Malieckal Mathews
45 Mammoottil George
46 Manjakadambil Cyriac
47 Marappillil George
48 Maruthwamalayil Antony
49 Monippilly Jose
50 Moolayil Andrews
51 Mundackal Mathew (Sr)
52 Mundackal Mathew (Jr)
53 Mundackal Joseph (Sr)
54 Mundackal Emmanuel
55 Mundackal Joseph (Jr)
56 Mundolickal James
57 Nedumkallel George
58 Nedumpurath Sebastian
59 Nedumthadathil Paulose
60 Nedungattu George
61 Nirappel Augustine
62 Niravath Joseph
63 Onelil John
64 Oroplackal Johnson
65 Ovelil Antony
66 Padinjarekutt Augustine
67 Pallikkunnel Georgy
68 Parackal Abraham
69 Parathazham Paul
70 Pareman Peter
71 Peringarappillil Sotter
72 Pichalakattu Manuel
73 Pittappillil Francis
74 Ponneth Joseph
75 Poovathumkal Thomas
76 Pothanamuzhi Thomas
77 Punnamattathil Scaria
78 Ramanattu Mathew
79 Rathappillil Jacob
80 Thachil George
81 Thadikatt George
82 Thalachira John
83 Thalappillil Jacob
84 Thanickal Joseph
85 Thanikunnel Alex
86 Vadakkedath Joseph
87 Valanparackal Paul
88 Valloppillil Sebastian
89 Vattakkuzhy Jose
90 Vattathottathil Thomas
91 Vellamkunnel Emmanuel
92 Vengaluvakkel Thomas
93 Vilanguparayil Thomas

*Protosyncellus*

*C.58/2025* **ഓഡിറ്റിംഗ്**

സ്നേഹ ബഹുമാനപ്പെട്ട വൈദികരെ,

1. നമ്മുടെ രൂപതയിലെ 88 പള്ളികൾ ഇതുവരെ ഓഡിറ്റ് പൂർത്തിയാക്കി. ബാക്കിയുള്ള 22 പള്ളികൾ 2025 ജൂൺ മാസം ആറാം തീയതി (06-06-2025) നിർമല കോളേജിൽ വച്ച് നടക്കുന്ന ഓഡിറ്റിംഗിൽ നിർബന്ധമായും വന്ന് കണക്കുകൾ ഓഡിറ്റ് ചെയ്യണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ഓഫീസിലേക്ക് നേരിട്ട് ആരും നൽകേണ്ടതില്ല എന്ന കാര്യം ഒരിക്കൽ കൂടി അറിയിക്കുന്നു.

2. 2025 ജൂൺ മാസം പതിനഞ്ചാം തീയതി (15-06-2025) തിരട്ടുബുക്കും ആത്മകാര്യം തിരട്ടുബുക്കും അനുബന്ധ രേഖകളും രൂപതാ കേന്ദ്രത്തിൽ എത്തിക്കുന്ന കാര്യം കൂടി എല്ലാവരും ശ്രദ്ധിക്കുമല്ലോ.

*Finance Officer*

*Pr.C. 3/2025* **Report of the Presbyteral Council**

An ordinary meeting of the Presbyteral Council was held on Wednesday, 7th May 2025 at Bishop's House Kothamangalam with a prayer led by Very Rev Fr Thomas J Parayidom. Very Rev Msgr Pius Malekandathil extended warm welcome to all the members of the Council. Then the Secretary, Fr Jose Kulathoor presented the report of the previous Council meeting and also explained the follow ups regarding the decisions and suggestions of the previous council meeting. During the Presidential address His Excellency Mar George Madathikandathil congratulated Very Rev Fr Stanley Pulprayil for his new assignment as the Rector of St Joseph Pontifical Seminary, Mangalapuzha. He also congratulated Rev Fr Sebastian Valiyathazhathu for his appointment as the State Director of KLM and also secretary of the Labour Commission of KCBC and Rev Fr Joseph Kallarackal for being appointed as the Assistant Director of Catechetical Department of the Syro-Malabar Church. During his presidential address the Bishop said that it has been a time of disturbances, especially in the context of the tension arose between India and Pakistan. Bishop also pointed out the issues of farmers and common people that have been increasing day by day and no one pays much attention to them. Aluva-Munnar Road Issue and case against Bishop Emeritus were mere indications of the atrocities of Forest Department against the common people, the bishop remarked. The great scandal in Ernakulam-Angamali Archdiocese on issues related to liturgy was also referred by the Bishop. He told that it was in the midst of these

complicated issues, troubles of different nature that the diocese conducted the Eucharistic procession under the name ‘Divyakarunaya Prayanam’ seeking protection from all evil forces and dedicating diocese into the protective care of our Lord.

During the evaluation regarding the ‘Divyakarunya Prayanam’ all priests unanimously opined that it was one of the most blessed and graceful events of the Eparchy in the recent past. Wholehearted cooperation from the parish priests, religious and laity made this event a great success. Some priests suggested thattil would have been spiritually more benefitting had there been more time for personal adoration in the parish church.

While discussing the next topic of agenda, Aluva-Munnar Road Issue some members asked whether the diocese had any particular reason to raise this issue at this juncture of time. For this the president made it clear that there was no particular instance that triggered it but we cooperated with the joint venture of the common people’s fighting for the re-opening of this road which was used for more than a century. Members of the council suggested that we should be very careful in handling issues like this. As an Eparchy we should collaborate with popular movements and also, we should assist the people in legal fight to get justice done for people. There were also proposals to challenge the atrocities of the forest department in the court and also to see the scope of developing this road as a bye-pass for the existing Aluva- Munnar Road. Some members also had the view that we should make it sure that the general public and political parties should not think of us as having hijacked their movements. Some also raised a concern about the possibility of increasing attack by wild animals while opening this road. Majority of the members opined that the Eparchy should join hands with the people for opening this road. In addition to this the members wanted that the Eparchy should also fight for the pattayam problem of the common people.

The next topic of discussion was increase in drug addiction. Members of the council shared the view that it was not only an issue among the youngsters but it was an issue that has been increasingly spreading also among the high school and primary school children. The uncontrolled flow of drugs and drug trafficking is suspected to have had a hidden agenda to victimize and destroy the Christian youth and we must do everything possible to conscientize our youth about this. The Council suggested that pro-active steps such as programmes to enhance the happinesshormones of the youth should be thought of as a feasible

remedy to this problem. Diocese and its education institutions should take initiatives to educate our youth on the harmful effects of drug-usesthrough Catechism classes, special programmes in schools and family units. Parents and teachers should be made competent toidentifythe problems of the children as before their escalation to the level of drug uses early as possible and try to find solutions for them. It is also suggested toencourage our children toget engaged in activities to enhance the physical fitness and also conscientize them about the harmful effects of using different varieties of drugs. Church campuses may be used creatively for physical and social strengthening of our youth. The Council also decided to collaborate with Deepika in its anti-drug campaign in June.

There was also a discussion regarding the vocation promotion. The Vocation promotion should be a joint venture of Catechism Department, Mission League and Vocation Promoter from the Minor Seminary. We have good opportunities to encourage the vocation through personal contact. The next topic was the promotion of Deepika and the Council agreed to work to increase the subscription of Deepika upto 40% in each parishes.

Fr Jose Moorkattil mentioned the new trust which we have formed forthe new ice-cream plant. Fr Chancellor indicated the renovations which are planned to make in the Bishop's House and also in the Vijnanabhavan. Then Rev Dr Stanislaus Kunnel extended festal greetings to the Bishop and Rev Msgr Vincent Nedungatt expressed vote of thanks to all who participated in the meeting. After the meeting the Eparchial Archive was blessed by Bishop. Then with the lunch the meeting came to an end at 1.00 pm.

*Secretary*

# Jeevajyoti Mission Utkela, Odisha

*OM 14 /2025* **മിഷൻ വാർത്ത**

ജീവ ഭവന്റെ വെഞ്ചരിപ്പ് അഭിവന്ദ്യ മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ പിതാവ് നിർവഹിച്ചു. അന്നേ ദിവസം സന്നിഹിതരായ എല്ലാവർക്കും പ്രത്യേകിച്ച് വൈദികർക്കും സന്ന്യസ്തർക്കും പ്രാർത്ഥനയിൽ ഞങ്ങളെ ഓർത്ത എല്ലാവർക്കും നന്ദി.

അഭിവന്ദ്യ പിതാവ് നൊക്തികണി ഗ്രാമത്തിൽ പുതിയ പള്ളിക്ക് ശിലാസ്ഥാപനം നടത്തി.

*OM 15 /2025* **സാമ്പത്തിക സഹായം**

| | | |
|---|---|---|
| Fr. Joseph Mulanjinany | ₹ | 10000 |
| Fr. Vincent Nedungatt | ₹ | 25000 |
| Fr. Antony Ovelil | ₹ | 10000 |
| Catherine George Namattathil Karakunnam | ₹ | 5000 |
| CML Kothamangalam | ₹ | 5000 |
| Shaji Lukose | ₹ | 10000 |

# മൈനർ സെമിനാരി

*MS 10 /2025* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | | |
|---|---|---|---|
| 1. | Mr. George Mannamthuruthil, Vannappuram | ₹ | 1,000 |
| 2. | Mrs. Lissy K George, Kallarackal, Kothamangalam | ₹ | 1,000 |
| 3. | Fr Joseph Mulanjanany | ₹ | 8,000 |
| 4. | Mrs Daisy Kurian Cherukottu, Vannappuram | ₹ | 1,000 |
| 5. | Mr. Jose George, Kochupurackal, Vazhakulam | ₹ | 13,500 |
| 6. | Mr. Mathew V.T. Vattakuzhiyil, Muthalakodam | ₹ | 12,000 |
| 7. | Mr. Francis Thomas Pichappillil, Paingottoor | ₹ | 3,000 |
| 8. | Mr. Sebastian Joseph Ousepparambil, Thodupuzha East | ₹ | 1,000 |
| 9. | Mr. Daison Padayatty, Avoli, Anicadu | ₹ | 50,000 |
| 10. | Mr. Jomon Chathamkandathil, Mathirappilly | ₹ | 4,000 |
| 11. | Mr. Punnoose Parekunnel, vannappuaram | ₹ | 10000 |

ഇവർക്ക് നന്ദി പറയുന്നു. ഇവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

*Rector*

# വിജ്ഞാനഭവൻ

*V.45/2025* **അദ്ധ്യയനവർഷ രൂപതാതല ഉദ്ഘാടനം**

2025-26 അദ്ധ്യയനവർഷത്തെ വിശ്വാസപരിശീലനത്തിന്റെ രൂപതാതല ഉദ്ഘാടനം വാഴക്കുളം സെന്റ് ജോർജ് ഫൊറോന പള്ളിയിൽ ജൂൺ 1-ാം തീയതി ഞായറാഴ്ച അഭിവന്ദ്യ പിതാവ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ നിർവഹിക്കും. **അന്നേദിവസം ഇടവകതല ഉദ്ഘാ**

**ടനം എല്ലാ ഇടവകയിലും വികാരിയച്ചൻമാരുടെ നേതൃത്വത്തിൽ നടത്തണം. സന്ധ്യാപ്രാർത്ഥന സമയത്ത് മാതാപിതാക്കളും കുട്ടികളും ചേർന്ന് വീട്ടിൽ തിരികൾ തെളിച്ച് കുടുംബതലത്തിലുള്ള വിശ്വാസപരിശീലന ഉദ്ഘാടനം നിർവഹിക്കേണ്ടതാണ്.**

*V. 46/2025* **വിശ്വാസപരിശീലകരുടെ രൂപതാകൺവെൻഷൻ ജൂൺ–14, ശനി**

രൂപതയിലെ വിശ്വാസപരിശീലകരുടെ വാർഷിക കൺവെൻഷൻ **ജൂൺ 14 ശനിയാഴ്ച വാഴക്കുളം വിശ്വജ്യോതി കോളേജ് ഓഡിറ്റോറിയത്തിൽ** വച്ച് നടക്കുന്നു. രാവിലെ 9.00 മുതൽ ഉച്ചകഴിഞ്ഞ് 1.30 വരെയാണ് കൺവെൻഷൻ ക്രമീകരിച്ചിരിക്കുന്നത്.

എല്ലാ ബഹു. വികാരിയച്ചന്മാരെയും കൊച്ചച്ചന്മാരെയും ഹെഡ്മാസ്റ്റർമാരെയും വിശ്വാസപരിശീലകരെയും റിസോഴ്സ് പേഴ്സൺസിനെയും രൂപതാ കൺവെൻഷനിലേക്ക് ആദരപൂർവം സ്വാഗതം ചെയ്യുന്നു.

*V. 47/2025* **JESUS KIDS 2025-26**

ഈശോയുടെ തിരുജനനത്തിന്റെ ജൂബിലി 2025–നോടുബന്ധിച്ച് വിജ്ഞാനഭവന്റെ നേതൃത്വത്തിൽ 6–ാം ക്ലാസ്സിലെ കുട്ടികൾക്കായി നടത്തുന്ന ഒരുവർഷം നീണ്ടുനില്ക്കുന്ന ഒരു പരിശീലനപരിപാടിയാണിത്. ബൈബിൾ, പൊതുവിജ്ഞാനം, പ്രസംഗപരിശീലനം, നേതൃത്വപരിശീലനം എന്നീ മേഖലകളിലാണ് ഈ പരിശീലനയജ്ഞം പ്രധാനമായും ശ്രദ്ധ കൊടുക്കുന്നത്. ഇതിന്റെ നിബന്ധനകൾ ചുവടെ ചേർക്കുന്നു.

- ❖ ഒരു ഇടവകയിൽനിന്ന് 6–ാം ക്ലാസ്സിൽ പഠിക്കുന്ന എത്ര കുട്ടികൾക്ക് വേണമെങ്കിലും പങ്കെടുക്കാവുന്നതാണ്.
- ❖ എല്ലാ ദിവസവും 10 മിനിറ്റ് ശ്രദ്ധാപൂർവം ചെലവഴിക്കാൻ താത്പര്യമുള്ള കുട്ടികൾ ആയിരിക്കണം പങ്കെടുക്കേണ്ടത്.
- ❖ മാതാപിതാക്കളുടെ സമ്മതത്തോടെ ആയിരിക്കണം കുട്ടികളുടെ entry വിജ്ഞാനഭവനിൽ തരേണ്ടത്.
- ❖ രജിസ്റ്റർ ചെയ്യുമ്പോൾ തരുന്ന മൊബൈൽ നമ്പർ ഗ്രൂപ്പിൽ add ചെയ്യുന്നതും ആ മൊബൈൽ നമ്പറിലേക്ക് അതാതുദിവസം പൂർത്തിയാക്കേണ്ട task അയച്ചുതരുന്നതുമായിരിക്കും.

- ❖ കുട്ടികൾ അവരവരുടെ ബുക്കിൽ അതാതുദിവസം തരുന്ന ബൈബിൾ വചനം, പൊതുവിജ്ഞാനം എന്നിവ പകർത്തിയെഴുതുകയും പഠിക്കുകയും വേണം.
- ❖ എല്ലാമാസവും 2 പ്രാവശ്യം Google form വഴി കുട്ടികൾ പഠിച്ച കാര്യങ്ങൾ test ചെയ്യുന്നതാണ്.
- ❖ പ്രവർത്തനവർഷത്തിൽ 3 പ്രാവശ്യം offline programme ഉണ്ടായിരിക്കും. 2 ദിവസം താമസിച്ചുള്ള training programme-ൽ അതുവരെ കുട്ടികൾക്ക് ലഭിച്ച എല്ലാ അറിവുകളും പ്രകടിപ്പിക്കാനുള്ള അവസരം അവർക്കു നൽകുന്നതായിരിക്കും.
- ❖ കുട്ടികൾ എല്ലാ ആഴ്ചയിലെയും task, ബുക്കിൽ പൂർത്തിയാക്കി അവരവരുടെ ക്ലാസ്സ് ടീച്ചറിൽ നിന്നും sign വാങ്ങിയിരിക്കണം.
- ❖ രജിസ്ട്രേഷന്റെ last date ജൂൺ 15 ഞായർ.
- ❖ സംശയങ്ങൾക്ക് രൂപതാതല റിസോഴ്സ് ടീമുമായി ബന്ധപ്പെടാവുന്നതാണ് - Mr. Rajeev Joseph Kunnamkulathil - 9747795519

  Mr. Sooraj Jolly Indikuzha - 6282731088

### *V. 48/2025* **Teachers' Training +2 Class**

12-ാം ക്ലാസ്സിലെ പുസ്തകം മാറുന്നതിനാൽ എല്ലാ +2 അധ്യാപകരുടേയും ഒരു ട്രെയിനിംഗ് പ്രോഗ്രാം ജൂൺ 15-ാം തീയതി ഞായറാഴ്ച 9.00 മണിക്ക് വി. കുർബാനയോടുകൂടി ആരംഭിച്ച് 4.00 മണിക്ക് അവസാനിക്കും. നിർമ്മല പബ്ലിക് സ്കൂൾ ഓഡിറ്റോറിയത്തിൽ ആയിരിക്കും. എല്ലാ +2 അധ്യാപകരും നിർബന്ധമായും പങ്കെടുക്കണം. അദ്ധ്യാപക സഹായിയും അവിടെ നൽകുന്നതായിരിക്കും.

### *V. 49/2025* **നവാഗതരായ അദ്ധ്യാപകർക്ക് ട്രെയിനിംഗ്**

നവാഗതരായ അദ്ധ്യാപകർക്കുള്ള ട്രെയിനിംഗ് പ്രോഗ്രാം ജൂൺ 21, 22 തീയതികളിൽ മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടത്തും. എല്ലാ നവാഗതരായ അദ്ധ്യാപകരും മുൻവർഷങ്ങളിൽ പങ്കെടുക്കാൻ സാധിക്കാത്തവരും ഇതിൽ പങ്കെടുക്കേണ്ടതാണ്. 21-ാം തീയതി രാവിലെ 9.30-ന് ആരംഭിച്ച് 22-ാം തീയതി വൈകിട്ട് 3.30 -ന് അവസാനിക്കും. വരുന്നവരുടെ പേരും അഡ്രസ്സും ജൂൺ 10 -ന് മുമ്പ് വെബ് സൈറ്റിൽ എന്റർ ചെയ്യേണ്ടതാണ്.

*V. 50/2025* **ബൈബിൾ നേഴ്സറി**

2025-2026 അദ്ധ്യയന വർഷം ബൈബിൾ നേഴ്സറി എല്ലാ ഇടവകകളിലും തുടർന്ന് കൊണ്ടുപോകുവാൻ ശ്രദ്ധിക്കുമല്ലോ. പുസ്തകവും ഉപപാഠ പുസ്തകവും വിജ്ഞാനഭവനിൽ നിന്നും ലഭിക്കുന്നതാണ്.

*V. 51/2025* **PTA**

വിശ്വാസപരിശീലനം ശക്തിപ്പെടുത്തുന്നതിനായി പി.റ്റി.എ. കമ്മിറ്റി ജൂലൈ 30-നു മുമ്പ് രൂപീകരിച്ച് ലിസ്റ്റ് സൈറ്റിൽ എന്റർ ചെയ്യേണ്ടതാണ്.

*V. 52/2025* **സ്റ്റാഫ് സ്റ്റേറ്റ്മെന്റ്**

സ്റ്റാഫ് സ്റ്റേറ്റ്മെന്റ് ജൂൺ 16-ന് മുമ്പ് സൈറ്റിൽ ചേർക്കണം. സ്റ്റേറ്റ്മെന്റിൽ റോൾ നമ്പർ, ഫോൺ നമ്പർ, മൊബൈൽ നമ്പർ എന്നിവ ചേർക്കുന്ന കാര്യം പ്രത്യേകം ഓർമ്മപ്പെടുത്തുന്നു. എല്ലാ കോളങ്ങളും കൃത്യമായി പൂരിപ്പിക്കണം.

*V. 53/2025* **വിശ്വാസപരിശീലനത്തിന് കുട്ടികളുടെ സംഭാവന**

ഈ വർഷം കുട്ടികളിൽ നിന്നും സ്വീകരിക്കേണ്ടതായ സംഭാവന 20 രൂപയാണ്. ഈ തുക വിജ്ഞാനഭവൻ ഓഫീസിൽ ജൂലൈ 30-ന് മുമ്പ് എത്തിക്കണമെന്ന കാര്യം സ്നേഹപൂർവം ഓർമ്മിപ്പിക്കുന്നു. വിജ്ഞാനഭവന്റെ വിജയകരമായ പ്രവർത്തനത്തിന് ഇത് വലിയ സഹായമായിരിക്കും.

*V. 54/2025* **പുസ്തക വിതരണം**

ഈ അദ്ധ്യയനവർഷത്തിലെ **സൺഡേ സ്കൂൾ പുസ്തക വിതരണം മെയ് 20-ന് ആരംഭിച്ചു. റഗുലർ സ്കൂളുകളിലേക്കുള്ള വേദപാഠം, മോറൽ സയൻസ് പുസ്തകങ്ങൾ വാങ്ങാൻ വരുന്നവർ ജൂൺ 1-ന് ശേഷം വരിക.** ഓർഡർ ചെയ്തിരിക്കുന്ന സൺഡേ കാറ്റിക്കിസം പുസ്തകങ്ങൾക്കും സ്കൂൾ കാറ്റിക്കിസം, മോറൽ സയൻസ് പുസ്തകങ്ങൾക്കും 3% കമ്മീഷൻ ലഭിക്കുന്നതാണ്. പുസ്തകങ്ങൾ വാങ്ങുമ്പോൾ മുഴുവൻ വിലയും നൽകി വാങ്ങേണ്ടതാണ്. എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു. **10000 രൂപയ്ക്ക് മുകളിലുള്ള പുസ്തകങ്ങൾക്ക് Cheque/DD/Bank Transfer ചെയ്യേണ്ടതാണ്.** പുസ്തകങ്ങളുടെ വില താഴെ ചേർക്കുന്നു.

| Std. | Sunday School Mal. | Sunday School Eng. | Reg. School Cat. | Moral Science Mal. | Moral Science Eng. |
|---|---|---|---|---|---|
| I | ₹ 50 | ₹ 60 | ₹ 40 | ₹ 30 | ₹ 55 |
| II | ₹ 50 | ₹ 60 | ₹ 40 | ₹ 35 | ₹ 55 |
| III | ₹ 50 | ₹ 60 | ₹ 40 | ₹ 40 | ₹ 55 |
| IV | ₹ 50 | ₹ 60 | ₹ 40 | ₹ 50 | ₹ 55 |
| V | ₹ 50 | ₹ 60 | ₹ 45 | ₹ 50 | ₹ 55 |
| VI | ₹ 50 | ₹ 60 | ₹ 45 | ₹ 50 | ₹ 55 |
| VII | ₹ 50 | ₹ 60 | ₹ 45 | ₹ 50 | ₹ 55 |
| VIII | ₹ 50 | ₹ 60 | ₹ 35 | ₹ 55 | ₹ 55 |
| IX | ₹ 50 | ₹ 60 | ₹ 35 | ₹ 55 | ₹ 60 |
| X | ₹ 50 | ₹ 60 | ₹ 35 | ₹ 55 | ₹ 60 |
| XI | ₹ 50 | ₹ 60 | - | ₹ 55 | ₹ 70 |
| XII | ₹ 50 | ₹ 60 | - | ₹ 55 | ₹ 70 |

Bible Nursery ₹ 50

| **ഉപപാഠപുസ്തകം** | Mal. | Eng. |
|---|---|---|
| Bible Nursery | ₹ 60 | ₹ 80 |
| Std. I-IV | ₹ 60 | ₹ 80 |
| Std V-VII | ₹ 60 | ₹ 80 |
| Std VIII-X | ₹ 60 | ₹ 80 |
| Std XI-XII | ₹ 60 | ₹ 80 |

## *V. 55/2025* Admission Register, Attendance Book, Bag etc.

രജിസ്റ്ററുകൾ വിജ്ഞാനഭവൻ ബുക്ക് സ്റ്റാളിൽ നിന്നും ലഭിക്കുന്നതാണ്. രജിസ്റ്ററുകൾ, ബൈബിൾ etc. വില താഴെ ചേർക്കുന്നു.

| | | | |
|---|---|---|---|
| Admission Register | - | ₹ | 520 |
| Attendance Book | - | ₹ | 20 |
| Application Form | - | ₹ | 80 |
| Teachers' Attendance | - | ₹ | 200 |
| Sunday School Bag | - | ₹ | 80, 230 |
| Pocket Bible | - | ₹ | 100 |
| Small Catechism | - | ₹ | 30 |
| Holy Mass Text | - | ₹ | 80, 100 |
| Bible | - | ₹ | 325, 350, 580 |

ഈ നിരക്കുകളിൽ മാറ്റങ്ങൾ ഉണ്ടാകാം.

## *V. 56/2025* ലോഗോസ് ക്വിസ് – 2025

വി. ഗ്രന്ഥം പഠിക്കുവാൻ KCBC ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന ലോഗോസ് ക്വിസ് ഈ വർഷവും നടത്തപ്പെടുന്നു. ഓരോ ഇടവകയിൽനിന്നും വിവിധ പ്രായക്കാരായ ആളുകളെ പങ്കെടുപ്പിക്കുന്നതോടൊപ്പം Std. V-ന് മുകളിലോട്ടുള്ള എല്ലാ കുട്ടികളെയും ഈ പഠനത്തിലും പരീക്ഷയിലും പങ്കെടുപ്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ. സാധിക്കുന്നിടത്തോളം എല്ലാ വിശ്വാസപരിശീലകരും ഇതിൽ പങ്കുചേരേണ്ടതാണ്. ഞായറാഴ്ചകളിൽ വചനശുശ്രൂഷയ്ക്കിടയിലും കുടുംബകൂട്ടായ്മകളിലൂടെയും ലോഗോസ് ക്വിസിന് കൂടുതൽ പ്രചാരം കൊടുക്കുവാനും മുതിർന്ന ആളുകളെ കൂടുതലായി ഈ നല്ല സംരംഭത്തിൽ പങ്കാളികളാക്കുവാനും ബഹു. വികാരിയച്ചന്മാർ താൽപര്യമെടുക്കുന്നത് ഉചിതമായിരിക്കും.

**ലോഗോസ് ഫാമിലി ക്വിസ് :** ലോഗോസ് ഫാമിലി ക്വിസ് മത്സരങ്ങളിൽ പങ്കെടുക്കുന്നവരിൽ രണ്ടു തലമുറകളിലുള്ളവർ ടീമിലുണ്ടായിരിക്കണം. ഒരു ഫാമിലിടീമിൽ 3 പേർ വേണം. ഈ മൂന്നുപേരുടെ എഴുത്തുപരീക്ഷയുടെ ആവറേജ് മാർക്കാണ് ടീമിന്റെ മാർക്കായി കണക്കാക്കുന്നത്.

**രൂപതയിൽ ഒന്ന് രണ്ട് മൂന്ന് സ്ഥാനങ്ങൾ നേടുന്ന ഫാമിലിക്കും ഓരോ ഇടവകയിലും ഏറ്റവും കൂടുതൽ മാർക്ക് നേടുന്ന ഫാമിലിക്കും രൂപതാതല സമ്മാനം ഉണ്ടായിരിക്കുന്നതാണ്.**

**ബധിര ഭിന്ന ശേഷിയുള്ളവരുടെ ലോഗോസ് :** രൂപതയിൽ അവർക്ക് പ്രത്യേകമായി നടത്തുന്ന പരീക്ഷയിൽ ഉന്നത മാർക്ക് നേടുന്നവർക്കായി POC യിൽ ഫൈനൽ മത്സരം നടത്തുന്നു.

ഈ വർഷവും ലോഗോസ് ക്വിസ് പരീക്ഷയ്ക്ക് ഓൺലൈൻ രജിസ്ട്രേഷൻ തന്നെയാണ് നടത്തേണ്ടത്. ഇതുസംബന്ധിച്ച് എന്തെങ്കിലും സംശയങ്ങൾ ഉണ്ടെങ്കിൽ താഴെ കൊടുത്തിരിക്കുന്ന നമ്പറിൽ ബന്ധപ്പെടുക.

1) ശ്രീ. ഫ്രാൻസീസ് നെല്ലിക്കുന്നേൽ 9447828373

2) ശ്രീ. ജോസഫ് പന്തപ്ലാക്കൽ 9446110044

**പങ്കെടുക്കുന്നവരെ ആറ് പ്രായവിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.**

A വിഭാഗം -01-01-2014 -ന് ശേഷം ജനിച്ചവർ

B വിഭാഗം -01-01-2009 -നും 31-12-2013-നും ഇടയ്ക്ക് ജനിച്ചവർ

C വിഭാഗം -01-01-1994 -നും 31-12-2008-നും ഇടയ്ക്ക് ജനിച്ചവർ
D വിഭാഗം -01-01-1974 -നും 31-12-1993-നും ഇടയ്ക്ക് ജനിച്ചവർ
E വിഭാഗം - 01-01-1961 -നും 31-12-1973-നും ഇടയ്ക്ക് ജനിച്ചവർ
F വിഭാഗം - 31-12-1960-നു മുമ്പ് ജനിച്ചവർ

രജിസ്ട്രേഷൻ നിർബന്ധമായും മുൻകൂട്ടി ചെയ്തിരിക്കേണ്ടതാണ്. ഒരു ഇടവകയെയോ ഒരു കത്തോലിക്കാ സ്ഥാപനത്തെയോ ഒരു പരീക്ഷ സെന്ററായി അംഗീകരിക്കുന്നതാണ്. അവിടെ നിങ്ങൾക്ക് പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്ട്രേഷൻ 2025 ജൂൺ 1-ാം തീയതി ആരംഭിച്ച് 2025 ജൂലൈ 31-ാം തീയതി അവസാനിക്കുന്നതായിരിക്കും. A, B ഗ്രൂപ്പുകൾക്ക് ഒരേ ചോദ്യപേപ്പറുകൾ ആയിരിക്കും.

രജിസ്ട്രേഷൻ ഫീസ് 20 രൂപ.
മത്സരത്തിനുള്ള പാഠഭാഗങ്ങൾ:

**1) ന്യായാധിപന്മാർ 11-21** **2) പ്രഭാഷകൻ 41-50**
**3) ലൂക്കാ 17-24** **4) എഫേസൂസ് 1-6**

പഠനത്തിനായി ഉപയോഗിക്കേണ്ടത് POC ബൈബിളും, ഇംഗ്ലീഷിന് NRSV (Catholic Edition) ബൈബിളുമാണ്.

| | | |
|---|---|---|
| **രൂപതാതലം** | - | **2025 സെപ്റ്റംബർ 28 ഞായർ** |
| **പരീക്ഷാ സമയം** | - | **ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30 വരെ** |
| **സംസ്ഥാനതല എഴുത്തു പരീക്ഷ** | - | **2025 നവംബർ 9** |
| **മെഗാഫൈനൽ** | - | **2025 നവംബർ 22, 23** |

## സമ്മാനങ്ങൾ :

**അഖിലകേരളതലം** (ഓരോ വിഭാഗത്തിനും പ്രത്യേകം)

1-ാം സമ്മാനം - 15000 രൂപയും സ്വർണ്ണമെഡലും, സർട്ടിഫിക്കറ്റും
2-ാം സമ്മാനം - 10000 രൂപയും സ്വർണ്ണമെഡലും, സർട്ടിഫിക്കറ്റും
3-ാം സമ്മാനം - 5000 രൂപയും സ്വർണ്ണമെഡലും, സർട്ടിഫിക്കറ്റും
4-ാം സമ്മാനം - 1000 രൂപയും വെള്ളിമെഡലും, സർട്ടിഫിക്കറ്റും
(ഒരോ വിഭാഗത്തിലും 7 പേർക്കുവീതം)
5-ാം സമ്മാനം - 500 രൂപ ബാക്കി എല്ലാവർക്കും നൽകുന്നതാണ്

**രൂപതാതലം** (ഓരോ വിഭാഗത്തിനും പ്രത്യേകം)

1-ാം സമ്മാനം 2000 രൂപയും സർട്ടിഫിക്കറ്റും
2-ാം സമ്മാനം 1500 രൂപയും സർട്ടിഫിക്കറ്റും

3-ാം സമ്മാനം 1000 രൂപയും സർട്ടിഫിക്കറ്റും
4-ാം സമ്മാനം 500 രൂപയും സർട്ടിഫിക്കറ്റും
5-ാം സമ്മാനം 250 രൂപയും സർട്ടിഫിക്കറ്റും 3 പേർക്ക് വീതം.

★ 90-നും-100-നും ഇടയ്ക്കും 80-നും-89-നും ഇടയ്ക്കും മാർക്ക് വാങ്ങുന്ന എല്ലാ പ്രായവിഭാഗക്കാർക്കും KCBC ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റുകളും വിജ്ഞാനഭവന്റെ പ്രോത്സാഹനസമ്മാനങ്ങളും.

★ 60-നും 69-നും ഇടയ്ക്കും 70-നും 79-നും ഇടയ്ക്കും മാർക്ക് വാങ്ങുന്ന A പ്രായവിഭാഗത്തിലുള്ളവർക്ക് KCBC ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റുകളും വിജ്ഞാനഭവന്റെ പ്രോത്സാഹനസമ്മാനങ്ങളും നല്കുന്നതാണ്.

★ 70-നും 79-നും ഇടയ്ക്ക് മാർക്കുവാങ്ങുന്ന B, C, D, E, F പ്രായവിഭാഗത്തിലുള്ളവർക്ക് KCBC ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

★ ഏറ്റവും കൂടുതൽ സിസ്റ്റേഴ്സ് പങ്കെടുക്കുന്ന കോൺഗ്രിഗേഷന് സമ്മാനം.

★ ഇടവകാംഗങ്ങളുടെ മൊത്തം എണ്ണത്തിന് ആനുപാതികമായി ഏറ്റവും കൂടുതൽ പേരെ പങ്കെടുപ്പിക്കുന്ന ഇടവകയ്ക്ക് സമ്മാനം ഉണ്ടായിരിക്കും.

★ ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർക്കുന്ന ഇടവകയ്ക്ക് സമ്മാനം ഉണ്ടായിരിക്കും.

★ അഞ്ചാം ക്ലാസ്സ് മുതലുള്ള എല്ലാ കുട്ടികളും പങ്കെടുക്കുന്ന ഇടവകയ്ക്ക് (ഇവിടെ നല്കുന്ന സ്റ്റേറ്റുമെന്റ് പ്രകാരം) പ്രത്യേക സമ്മാനം.

★ ഓരോ വിഭാഗത്തിലും ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന സൺഡേസ്കൂൾ അധ്യാപകർക്ക് സമ്മാനം ഉണ്ടായിരിക്കുന്നതാണ്. **രൂപതയിൽ 1 മുതൽ 5 വരെ സ്ഥാനങ്ങൾ ലഭിച്ചവരെ പരിഗണിക്കുന്നതല്ല.**

**പ്രത്യേകം ശ്രദ്ധിക്കുക:**

☞ 20 രൂപ നല്കി മുൻകൂട്ടി രജിസ്റ്റർ ചെയ്യാത്ത ആരെയും പരീക്ഷയെഴുതുവാൻ അനുവദിക്കുന്നതല്ല.

- ☞ രജിസ്ട്രേഷൻ നടത്തിയവർക്ക് പകരം പരീക്ഷയെഴുതുവാൻ ആർക്കും അനുവാദമില്ല.
- ☞ ലോഗോസ് ക്വിസിന് പേര് രജിസ്റ്റർ ചെയ്തിട്ട് പരീക്ഷ എഴുതാത്ത സൺഡേസ്കൂൾ കുട്ടികളുണ്ടെങ്കിൽ അവരുടെ attendance register-ൽ അക്കാര്യം നോട്ട് ചെയ്യേണ്ടതാണ്.
- ☞ രണ്ട് ലിസ്റ്റുകൾ പ്രിന്റ് എടുത്ത് തരേണ്ടതാണ്.
- ☞ സൺഡേ സ്കൂൾ അദ്ധ്യാപകരുടെ പേരിന് നേരെ T എന്ന് ബ്രായ്ക്കറ്റിൽ ചേർക്കേണ്ടതാണ്.
- ☞ സിസ്റ്റേഴ്സിന്റെ പേരിനു നേരെ കോൺഗ്രിഗേഷൻ ഏതാണെന്ന് രേഖപ്പെടുത്തേണ്ടതാണ്. (അവസാനത്തെ രണ്ടു നിർദേശങ്ങൾ കൃത്യമായി പാലിക്കാത്തവരെ സമ്മാനത്തിന് പരിഗണിക്കുന്നതല്ല.)

*V. 57/2025* **Sunday School Higher Course - പ്രൈവറ്റ് രജിസ്ട്രേഷൻ**

XI, XII ക്ലാസ്സുകളിൽ എൻട്രൻസ് കോച്ചിംഗിന് പോകുന്ന കുട്ടികൾക്ക് റഗുലർ സൺഡേസ്കൂളിൽ പങ്കെടുക്കുവാൻ ബുദ്ധിമുട്ടുള്ളതിനാൽ പ്രൈവറ്റ് രജിസ്ട്രേഷൻ അനുവദിക്കുന്നതാണ്. ഓരോ സെമസ്റ്ററിലും പരീക്ഷ എഴുതുകയും അവർക്കുവേണ്ടി നടത്തുന്ന contact class-ൽ പങ്കെടുക്കുകയും വേണം. **XI-ാം ക്ലാസ്സിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തിയവർ XII-ൽ പ്രൈവറ്റ് ആയി പഠിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ വീണ്ടും രജിസ്റ്റർ ചെയ്യേണ്ടതുണ്ട്.** മേൽപ്പറഞ്ഞ നിബന്ധനകൾക്ക് വിധേയമായിട്ടായിരിക്കും സർട്ടിഫിക്കറ്റുകൾ നൽകുന്നത്. ഞായറാഴ്ച ട്യൂഷന് പോകുന്നവർക്കും മറ്റ് പഠ്യേതരപ്രവർത്തനങ്ങൾക്ക് പോകുന്നവർക്കും പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തുവാൻ അനുവാദമില്ല. എൻട്രൻസ് കോച്ചിംഗിന് പോകുന്നവരും സൺഡേസ്കൂൾ ക്ലാസ്സിൽ പങ്കെടുക്കുവാൻ അവസരമുള്ളപ്പോൾ പങ്കെടുക്കേണ്ടതാണ്. നിർബന്ധമായും ഞായറാഴ്ചകളിൽ ഏതെങ്കിലും വി. കുർബാനയിൽ പങ്കെടുക്കേണ്ടതാണ്. ഈ കുട്ടികൾക്ക് 75% ഹാജറിന് മുകളിൽ നല്കാൻ പാടില്ല.

**ഇത് സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക:**

1 പ്രൈവറ്റ് രജിസ്ട്രേഷൻ ഫീസ് 750 രൂപയാണ്. പുസ്തകത്തിന്റെ വിലയും പരീക്ഷാഫീസും കോൺടാക്റ്റ് ക്ലാസ്സിന്റെ ഫീസും ഇതിൽ ഉൾപ്പെടുന്നു.

2 11-ാം ക്ലാസ്സിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തുന്നവർ 10-ാം ക്ലാസ്സിലെ മാർക്ക് ലിസ്റ്റിന്റെ കോപ്പിയും 12-ാം ക്ലാസ്സിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തുന്നവർ 11-ാം ക്ലാസ്സിലെ മാർക്ക്ലിസ്റ്റിന്റെ കോപ്പിയും അപേക്ഷാഫോറത്തോടൊപ്പം നൽകേണ്ടതാണ്. ഇവ നൽകാത്ത അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

**കോൺടാക്റ്റ് ക്ലാസ്സ് 1-ാം സെമസ്റ്റർ**

XI-XII - 2025 സെപ്റ്റംബർ 12 വെള്ളി 5 pm മുതൽ 13 ശനി 5 pm വരെ.

**കോൺടാക്റ്റ് ക്ലാസ്സ് 2-ാം സെമസ്റ്റർ**

XI-XII 2026 ജനുവരി 09 വെള്ളി 5 pm മുതൽ 10 ശനി 5 pm വരെ

സ്ഥലം : NESTT മൂവാറ്റുപുഴ (എല്ലാ ക്ലാസ്സുകളും)

NB . രണ്ട് കോൺടാക്റ്റ് ക്ലാസ്സുകളിലും വരുന്നവർക്കു മാത്രമേ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ.

**നവോദയ സ്കൂൾ**

☞ നവോദയ സ്കൂളിലെ കുട്ടികൾക്ക് 1 മുതൽ 9 വരെ ക്ലാസ്സുകളിൽ ബഹു. വികാരിയച്ചന്മാരുടെ അനുമതിയോടെ പരീക്ഷയെഴുതാവുന്നതാണ്. രണ്ട് സെമസ്റ്ററിലും പരീക്ഷ എഴുതേണ്ടതുണ്ട്. അവർ അവധിക്കാലത്ത് ഏതെങ്കിലും ഒരു ധ്യാനത്തിൽ പങ്കെടുക്കേണ്ടതാണ്.

☞ X, XI, XII ക്ലാസ്സുകളിലെ കുട്ടികൾ അവധിക്കാലത്ത് നിർബന്ധമായും ഒരു ധ്യാനത്തിൽ സംബന്ധിച്ചിരിക്കണം. ഇന്റേണൽ അസ്സെസ്സ്മെന്റ് മാർക്കിന് പകരമായി ഇത് പരിഗണിക്കുന്നതാണ്. XII -ാം ക്ലാസ്സിലെ കുട്ടികൾ മൂവാറ്റുപുഴ NESTT- ൽ നടക്കുന്ന ധ്യാനത്തിന്റെ തീയതി ദൈവരാജ്യത്തിൽ നോക്കുക. ധ്യാനത്തിൽ സംബന്ധിച്ചതിന്റെ രേഖ ഹാജരാക്കിയെങ്കിലേ സർട്ടിഫിക്കറ്റ് നല്കുകയുള്ളൂ.

☞ X, XI, XII ക്ലാസ്സുകളിലെ നവോദയ കുട്ടികൾ ബഹു. വികാരിയച്ചന്റെ കത്തോടുകൂടി പ്രൈവറ്റ് ആയി രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. രജിസ്ട്രേഷൻ ഫീസ് 50 രൂപയായിരിക്കും.

## *V. 58/2025* Scholarship Exam Winners

2024-2025 വർഷത്തിലെ സ്കോളർഷിപ്പ് പരീക്ഷയിൽ വിജയികളായവരുടെ പേരുകൾ ചുവടെ ചേർക്കുന്നു. വിജയികളായവർക്ക് അനുമോദനങ്ങൾ നേരുന്നു.

## Std. IV - രൂപതാ വിജയികൾ

1 അഷ്‌വിൻ സിജോ വട്ടക്കുന്നേൽ, കത്തീഡ്രൽ
2 എവ്‌ലിൻ പോൾ പാലത്തിങ്കൽ, നെല്ലിമറ്റം
3 ഗോഡ്‌വിൻ തോമസ് കല്ലുങ്കൽ, വാഴക്കുളം

## ഫൊറോന വിജയികൾ

### ആരക്കുഴ

1 ലെയോൺ ഷിജോ മോളേക്കുന്നേൽ, അരിക്കുഴ
2 എമിൽ ഷിജോ കരോട്ടുവിളാട്ട്, പെരിങ്ങഴ
3 ഇവാൻ ജോസഫ് ഷെറിൻ ഓണാട്ട്, ആരക്കുഴ

### കാളിയാർ

1 ഡെൽമിറ പോൾസൺ പാറേക്കാട്ടേൽ, ഞാറക്കാട്
